Mathrubhumi 25-09-18, P-04

### ചേലക്കരയിൽ

# 8.5 കോടിയുടെ കൃഷിനാശം

- തരിശുനിലത്തിലും കൃഷിയിറക്കും
- മുണ്ടകൻകൃഷിക്ക് പഞ്ചായത്തിന്റെ സഹായം



മങ്ങാട് പ്രദേശത്ത് തകർന്ന തോട്ടുവരമ്പുകൾ മണൽച്ചാക്കുകൾ നിരത്തി താത്കാലികമായി നേരെയാക്കിയപ്പോൾ

**എം. അരുൺകുമാർ**
**ചേലക്കര**

▶ ജില്ലയുടെ നെല്ലറ എന്ന വിശേഷണം ചേലക്കരയ്ക്കുണ്ട്. ഇവിടെ മുഖ്യതൊഴിൽ കൃഷിയാണ്. ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും നാമാവശേഷമായ കൃഷി പുനരുജ്ജീവിപ്പിക്കാൻ ഒരുങ്ങുകയാണ് ഇവിടത്തെ കർഷകക്കൂട്ടായ്മകൾ.

## പ്രളയം കവർന്നെടുത്ത കണ്ണീർപ്പാടങ്ങളിലൂടെ... 2

| | |
|---|---|
| ആകെ പാടശേഖരങ്ങൾ | 17 |
| ആകെ നെൽകൃഷി | 1000 ഏക്കർ |
| 2017-ൽ വിരിപ്പ് | 500 ഏക്കർ |
| 2017-ൽ മുണ്ടകൻ | 900 ഏക്കർ |
| 2018-ൽ വിരിപ്പ് | 650 ഏക്കർ |
| നശിച്ചത് | 503 ഏക്കർ |
| 2018-ൽ മുണ്ടകൻസാധ്യത | 950 ഏക്കർ |

### പതിനേഴ് പാടശേഖരങ്ങളിലും കൃഷി നശിച്ചു

കാലവർഷത്തിൽ പതിനേഴ് പാടശേഖരങ്ങളിലെയും നെൽകൃഷി നശിച്ചു. പഞ്ചായത്തിൽ 503 ഏക്കർ നെൽകൃഷിയാണ് നശിച്ചിട്ടുള്ളത്. കുറുമലയിലുണ്ടായ ഉരുൾപൊട്ടലിലും മഴക്കെടുതിയിലും നെൽകൃഷി വിള ഇനത്തിൽ മാത്രം 2.5 കോടിയുടെ നഷ്ടമാണ് പഞ്ചായത്ത് കണക്കാക്കിയിട്ടുള്ളത്.

കുറുമലയിലെ ഉരുൾപൊട്ടലിനെത്തുടർന്ന് നൂറ് ഏക്കറിലധികം നെൽകൃഷിയാണ് കുറുമല-പണ്ടാരപ്പിള്ളി പാടശേഖരങ്ങളെ നേരിട്ട് ബാധിച്ചിട്ടുള്ളത്.

പാടത്ത് മണ്ണുംചെളിയും അടിഞ്ഞും തോട്ടുവരമ്പ് പൊട്ടിയും ചീർപ്പുകൾ തകർന്നും വിരിപ്പുകൃഷി കരിഞ്ഞുണങ്ങിയുമെല്ലാം വൻ നഷ്ടമാണുണ്ടായിട്ടുള്ളത്. തോട്ടുവരമ്പ്,ചീർപ്പുകൾ എന്നിവയുടെ തകരാർ പരിഹരിക്കാൻമാത്രം നാലു കോടിയോളം രൂപ വേണ്ടിവരും.

### തരിശിൽ കൃഷിയിറക്കാനൊരുങ്ങി കർഷകർ

മഴയെ മാത്രം ആശ്രയിച്ചാണ് ചേലക്കരയിൽ കൃഷി ചെയ്യുന്നത്. പ്രധാനമായും മുണ്ടകൻകൃഷിയാണ്. അമ്പത് ഏക്കർ തരിശുനിലത്തിലടക്കം 950 ഏക്കർ സ്ഥലത്ത് മുണ്ടകൻകൃഷിയിറക്കാനാണ് പഞ്ചായത്തും കർഷകക്കൂട്ടായ്മകളും ലക്ഷ്യമിടുന്നതെന്ന് പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ കെ.എസ്. ശ്രീകുമാർ പറഞ്ഞു.

വെങ്ങാനെല്ലൂർ മേഖലയിൽ പരക്കാട് ചെക്ക്ഡാമിലെ വെള്ളത്തെയും പണ്ടാരപ്പിള്ളി മേഖലയിൽ മങ്ങാട് മലവെള്ളത്തെയും തോന്നൂർക്കര മേഖലയിൽ അസുരൻകുണ്ട് ഡാമിലെ വെള്ളത്തെയുമാണ് കർഷകർ ആശ്രയിക്കുന്നത്. പാടശേഖരങ്ങളിലെല്ലാംതന്നെ ചീർപ്പുകൾ നിരത്തി ജലം സംഭരിച്ചിട്ടുണ്ട്. തുലാമഴകൂടി ലഭിക്കുന്നതോടെ കൃഷിക്ക് ആവശ്യമായ ജലം ഉറപ്പാക്കാനാകുമെന്നാണ് കർഷകർ കരുതുന്നത്.

(തുടരും)